"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ്- പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന ബയോഫെർട്ടിലൈസർ & ഓർഗാനിക് മാനുവർ കൺട്രോൾ ലാബിലേക്ക് (BOQCL) കൃഷി ഓഫീസർ തസ്തിക പുനർവിന്യസിച്ച നടപടി ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇഎ) വകുപ്പ്**

സ.ഉ.(കൈ) നം.89/2024/AGRI തീയതി,തിരുവനന്തപുരം, 13-08-2024

---

പരാമർശം:-
1. സ.ഉ.(സാധാ)നം.376/2023 തീയതി 24/04/2023
2. സ.ഉ.(കൈ)നം.57/2024/കൃഷി തീയതി 22/06/2024
3. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 25/07/2024 ലെ ADFW/4835/2023-SD3 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിൽ പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന ബയോഫെർട്ടിലൈസർ & ഓർഗാനിക് മാനുവർ കൺട്രോൾ ലാബിലേക്ക് (BOQCL) കണ്ണൂർ മൊബൈൽ സോയിൽ ടെസ്റ്റിങ് ലാബിലെ കൃഷി ഓഫീസറുടെ തസ്തിക പരാമർശം (2) പ്രകാരം പുനർവിന്യസിച്ച് ഉത്തരവായിരുന്നു.

2. എന്നാൽ കണ്ണൂർ മൊബൈൽ സോയിൽ ടെസ്റ്റിങ് ലാബിലെ കൃഷി ഓഫീസർ തസ്തികയിലെ കൃഷി ഓഫീസറുടെ ലാവണം ടി ഓഫീസിൽ നിലനിർത്തി വയനാട് ജില്ലയിൽ അമ്പലവയൽ പച്ചക്കറി പുഷ്പ കൃഷിക്കായുള്ള മികവിന്റെ കേന്ദ്രത്തിൽ നിയമിക്കുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം നടപടി സ്വീകരിച്ചിട്ടുള്ള സാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ മൊബൈൽ സോയിൽ ടെസ്റ്റിങ് ലാബിലെ കൃഷി ഓഫീസർ തസ്തിക പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന ബയോഫെർട്ടിലൈസർ& ഓർഗാനിക് മാനുവർ കൺട്രോൾ ലാബിലേക്ക് പുനർവിന്യസിക്കാവുന്നതാണെന്നും കണ്ണൂർ മൊബൈൽ സോയിൽ ടെസ്റ്റിങ് ലാബിലെ കൃഷി ഓഫീസറുടെ തസ്തിക ടി കാര്യാലയത്തിൽ തന്നെ നിലനിർത്താവുന്നതുമാണെന്നും പരാമർശം (3) കത്ത് പ്രകാരം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം പട്ടാമ്പിയിലെ ബയോഫെർട്ടിലൈസർ & ഓർഗാനിക് മാനുവർ കൺട്രോൾ ലാബിലേക്ക് (BOQCL) കണ്ണൂർ മൊബൈൽ സോയിൽ ടെസ്റ്റിങ് ലാബിലെ കൃഷി ഓഫീസറുടെ തസ്തിക പുനർവിന്യസിച്ച നടപടി റദ്ദാക്കിയും പകരം പാലക്കാട് ജില്ലയിലെ മൊബൈൽ സോയിൽ ടെസ്റ്റിങ് ലാബിലെ കൃഷി ഓഫീസർ തസ്തിക ബയോഫെർട്ടിലൈസർ & ഓർഗാനിക് മാനുവർ കൺട്രോൾ ലാബിലേക്ക് പുനർവിന്യസിച്ചും പരാമർശം (2) ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

പരാമർശം (2) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബാലഗോപാൽ കെ കെ**
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ, പാലക്കാട്
പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ, കണ്ണൂർ
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(AGRI-EA1/132/2021-AGRI)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ